(ബി) കുട്ടനാട്ടിലെ ശ്രീ. മുരിക്കൻ 6 സ്ത്രീകളടക്കം 14 പേരെ വെടി വച്ച് അപായകരമാം വിധം പരിക്കേൽപ്പിച്ചത് ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചു?

വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ്കോയ):

(എ) ജൻമികളുടെ ആളുകളും തൊഴിലാളികളുമായി ചില സംഘട്ടനങ്ങൾ ഉണ്ടായതായി അറിയാം.

(ബി) ഇല്ല.

(സി) ഉദിക്കുന്നില്ല.

ചിട്ടി കോർപ്പറേഷൻ

* 71 (274) ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ.
ശ്രീ. ടി. കെ. രാമകൃഷ്ണൻ.
ശ്രീ. വി. എസ്. അച്ചുതാനന്ദൻ.
ശ്രീ. എം. സദാശിവൻ.

താഴെകാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗവൺമെൻറ് ഒരു ചിട്ടി കോർപ്പറേഷൻ രൂപീകരിച്ചു എന്നറിയുന്നത് ശരിയാണോ;

(ബി) ശരിയാണെങ്കിൽ പ്രസ്തുത കോർപ്പറേഷൻെറ ചെയർമാനായി നിയമിക്കപ്പെട്ടത് ആരെയാണ്;

(സി) മുൻ മന്ത്രി ശ്രീ. പി. ആർ. കുറുപ്പിനെ ആദ്യം ഇതിലേക്ക് നിയമിച്ചു എന്ന് ഒരു പത്രവാർത്തയും ആ നിയമനം ശരിയാണെന്ന മുഖ്യ മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ധനകാര്യ മന്ത്രി നടത്തിയ അഭിപ്രായ പ്രകടനവും ഗവൺമെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ശ്രീ. കുറുപ്പിൻെറ നിയമനം പിന്നീട് വേണ്ടെന്നു വച്ചതിൻെറ അടിസ്ഥാനമെന്തായിരുന്നു?

ധനകാര്യ മന്ത്രി (ശ്രീ. എൻ. കെ. ശേഷൻ):

(എ) പൊതുമേഖലയിൽ ചിട്ടി, കുറി ഇവ നടത്തുന്നതിനും ഇൻഷ്വറൻസ്, ഹയർ പർച്ചേസ് സ്കീമുകൾ നടത്തുന്നതിനും വേണ്ടി ഗവൺമെൻറു ടമയിൽ ''ദി കേരളാ ഫിനാൻഷ്യൽ എൻെറർ പ്രൈസസസ് ലിമിറഡ്'' എന്ന നാമത്തിൽ ഒരു കമ്പനി 6–11–69–ൽ തൃശ്ശൂർ ആസ്ഥാനമാക്കി രജിസ്റ്റർ ചെയ്തു 2–12–69 മുതൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി) ശ്രീ. റ്റി. മാധവൻ നായർ,
അഡ്വക്കേറ്റ്,
പാലക്കാട്.

(സി) ഉണ്ട്.

(ഡി) അദ്ദേഹം ആ നിയമനം സ്വീകരിക്കാത്തതിനാൽ ആ നിയമനം വേണ്ടെന്നുവച്ചു.

LIBRARY ARCHIVES Kerala Legislative Assembly